## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 203

17.06.2014 ൽ മറുപടിയ്ക്ക്

# പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ സഹകരണ മേഖലയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖല എപ്രകാരമാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേപ്പിന് കീഴിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ ആറൻമുളയിൽ ഈ വർഷവും (2014-15) തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലും തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലും വരും വർഷങ്ങളിലും ഓരോ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതാണ്. എഞ്ചിനീയറിംഗ് മേഖലയിലെ ഉപരിപഠനത്തിനുള്ള കുറവ് പരിഹരിക്കുന്നതിനായി കേപ്പിന്റെ കീഴിലുള്ള ആറ് എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേപ്പിൽ നിലവിലുള്ള അധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി കേപ്പിൽ QIP യിലൂടെ അടിസ്ഥാന ശമ്പളവും ഗ്രേസ്പേയും നൽകി M.Tech, Ph.D യും എടുക്കുവാനുള്ള അവസരം ഒരുക്കുകയും പി.ജി. യുള്ള അധ്യാപകരെ കൂടുതലായി നിയമിക്കുകയും ചെയ്യുന്നു. |

| | | |
|---|---|---|
| | | നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത രംഗത്ത് എന്തെല്ലാം വികസന പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ;. | (ബി) കേപ്പിന് കീഴിലുള്ള കിടങ്ങൂർ, തലശ്ശേരി എഞ്ചിനീയറിംഗ് കോളേജുകളിൽ 2 വീതം ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അനുമതി യൂണിവേഴ്സിറ്റിയിൽ നിന്നും AICTE ൽ നിന്നും ലഭിച്ചിട്ടുണ്ട്. പുന്നപ്രയിലെ എഞ്ചിനീയറിംഗ് കോളേജിൽ 2 ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനും AICTE അംഗീകാരം ലഭിച്ചു. യൂണിവേഴ്സിറ്റിയുടെ അംഗീകാരം ഉടൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതിന് പുറമെ തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ എഞ്ചിനീയറിംഗിൽ ബിരുദ കോഴ്സിനുള്ള അനുമതി AICTE യും യൂണിവേഴ്സിറ്റിയും നൽകിയിട്ടുണ്ട്. പെരുമൺ, കിടങ്ങൂർ, വടകര, തലശ്ശേരി, തൃക്കരിപ്പൂർ എന്നിവിടങ്ങളിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ TEQIP Phase II ൽ ഉൾപ്പെടുത്തി ലബോറട്ടറി, ലൈബ്രറി മുതലായവ നവീകരണത്തിനും, അധ്യാപകരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റുമായി കേന്ദ്ര സർക്കാരിൽ നിന്നും ഓരോ കോളേജിനും പരമാവധി 10 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സർക്കാരിൽ നിന്നും കേപ്പിന്റെ തനത് ഫണ്ടിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ധനസഹായം ഉപയോഗിച്ചുകൊണ്ട് എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും വിദ്യാർത്ഥികൾക്കാവശ്യമായ ഹോസ്റ്റലുകൾ, ഓഡിറ്റോറിയം മുതലായവ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (സി) | ഏതെല്ലാം സ്ഥാപനങ്ങളാണ് തുടങ്ങാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) കേപ്പിന് കീഴിൽ പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ ഈ വർഷം (2014-15) അധ്യയന വർഷം മുതൽ പുതിയ എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തനം ആരംഭിക്കുന്നതാണ്. വരും വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലും തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലും പുതിയ ഓരോ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ഡി) ആറന്മുളയിൽ 2014-15 അധ്യയന വർഷം എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള അനുമതി AICTE യിൽ നിന്നും യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ചു കഴിഞ്ഞു. മുട്ടത്തറയിൽ 16 കോടി മതിപ്പ് ചെലവിന് കെട്ടിടത്തിന്റെ നിർമ്മാണപ്പണികൾ പുരോഗമിക്കുന്നു. വടക്കാഞ്ചേരിയിൽ 10 ഏക്കർ സ്ഥലം സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ വസ്തുവിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുള്ളതിന്റെ അനുകൂല വിധി കൂടി ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ